(സി) 1999-2000 വർഷത്തിൽ 2,89,46,000 കപ്പാസിറ്ററുകൾ നിർമ്മിക്കുവാൻ ആവശ്യമായ സെമിഫിനിഷ്ഡ് കപ്പാസിറ്ററുകൾ ഇറക്കുമതി ചെയ്തിട്ടുണ്ട്.

(ഡി) കഴിയില്ല.

(ഇ) സ്ഥാപിതശേഷിയിലുള്ള പരിമിതി കാരണമാണ് ഉത്പാദനം വർദ്ധിപ്പിച്ച് വ്യാവസായിക ആവശ്യം നേരിടുവാൻ കഴിയാത്തത്.

## പൊതുമേഖലാസ്ഥാപനങ്ങളിലെ ഉയർന്ന ഉദ്യോഗസ്ഥന്മാരുടെ വിദേശയാത്രകൾ

**23 (2020)** ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിലുള്ള കമ്പനികളിലെ ചീഫ് എക്സിക്യൂട്ടീവുകൾ, എം.ഡി. മാർ എന്നിവർ ഓരോരുത്തരും ഏതെല്ലാം രാഷ്ട്രങ്ങളാണ് സന്ദർശിച്ചത് ;

(ബി) ഇതിനായി ഓരോരുത്തർക്കും ഗവൺമെന്റിൽ നിന്നും കമ്പനികളിൽ നിന്നും ഓരോ യാത്രയ്ക്കും എന്തു തുക ചെലവായിട്ടുണ്ട് ;

(സി) ഈ യാത്രയുടെ ഫലമായി ഏതെല്ലാം കമ്പനികൾക്ക്, പൊതുമേഖലാസ്ഥാപനങ്ങൾക്ക് എത്ര വിദേശ ഓർഡറുകൾ ലഭിച്ചു ; വിശദമാക്കാമോ ;

(ഡി) ഈ ഓർഡറുകൾ അനുസരിച്ച് ഏതെല്ലാം കമ്പനികൾ എത്ര ലക്ഷം രൂപയുടെ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്തു ;

(ഇ) ഈ കയറ്റുമതിയിൽ ഓരോ കമ്പനിയും/ സ്ഥാപനത്തിനും ലാഭമോ നഷ്ടമോ എത്ര ;

(എഫ്) ഈ കാലയളവിൽ വിദേശ പര്യടനം നടത്തിയിട്ടും യാതൊരു വിദേശ ഓർഡറുകളും ലഭിക്കാത്ത കമ്പനികൾ ഉണ്ടോ ; എങ്കിൽ അവ ഏതെല്ലാം ;

(ജി) വിദേശ ഓർഡറുകൾ ലഭിക്കാത്തതിനാൽ കമ്പനിയും സർക്കാരും ലക്ഷക്കണക്കിന് രൂപ നഷ്ടം ഉണ്ടാക്കിയ ചീഫ് എക്സിക്യൂട്ടീവുകൾക്കും എം.ഡി. മാർക്കും എതിരെ എന്തെങ്കിലും നടപടി കൈക്കൊണ്ടിട്ടുണ്ടോ ;

(എച്ച്) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

### ഉത്തരം

(എ-എഫ്) വിവരം ശേഖരിച്ചു വരുന്നു.

(ജി & എച്ച്) വിശദവിവരം ശേഖരിച്ച് വിശകലനം ചെയ്തശേഷമേ എന്തെങ്കിലും നടപടി ആവശ്യമുണ്ടോ ഇല്ലയോ എന്ന് തീരുമാനിക്കുവാൻ സാധിക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly